IT
03-04-13
Starred

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.271

03.04.2013 ലെ മറുപടിക്ക്

## നഗരവികസനത്തിനായി നിക്ഷേപക സംഗമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി.സതീശൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി |
| എ) നഗരവികസനത്തിനായി പണം കണ്ടെത്താൻ നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; | എ) ഉണ്ട് |
| ബി) ഏതെല്ലാം തരം പദ്ധതികളാണ് നിക്ഷേപക സംഗമത്തിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | ബി) നഗരവികസനത്തിന് വലിയ തോതിൽ പണം കണ്ടെത്തേണ്ടതായിട്ടുണ്ട്. നഗരസഭയുടെ തനതു വരുമാനവും സർക്കാർ നല്കുന്ന വികസന ഫണ്ടും അതിന് അപര്യാപ്തമാണ്. ആയതിനാൽ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യവുമുള്ള നഗരസഭകൾക്ക് സ്വകാര്യ പങ്കാളിത്തത്തോടെ നഗരവികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് സഹായകരമായി നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് വിവിധ മേഖല കളിലായി നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിക്കുകയും അവിടെ അതാതു മേഖലകളിൽ വരുന്ന നഗരസഭകളുടെ പദ്ധതികൾ അവതരി പ്പിക്കുകയും വിദേശ മലയാളികളടക്കമുള്ള നിക്ഷേ പകരെ പങ്കെടുപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |
| സി) പ്രസ്തുത നിക്ഷേപക സംഗമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | സി) കേരളത്തിലെ എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും ഇക്കാര്യത്തിൽ ഒരു ഏകദിന ശില്പശാല സംഘടിപ്പിക്കുകയും ഓരോ നഗരസഭയോടും ലഭ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ആവശ്യകതയും കണക്കിലെടുത്ത് പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. നിക്ഷേപക സംഗമത്തിനും പദ്ധതി നിർവഹണത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്ന തിനായി സർക്കാർ ഉത്തരവ് (ആർറ്റി)നം. 293/2013/ തസ്വഭവ തീയതി, 2.2.2013 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും നഗരകാര്യ ഡയറക്ടർ കൺവീനറും നഗരസഭാ ചെയർമാൻമാരുടെ പ്രതിനിധികൾ, |

| | | |
|---|---|---|
| | | ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മിറ്റിയും നഗരകാര്യ ഡയറക്ടറേറ്റിൽ പിപിപി സെല്ലും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെൽ ഇതിലേയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതാണ്. |
| ഡി) | നിക്ഷേപക സംഗമത്തിലൂടെ തീരുമാനിക്കപ്പെടുന്ന പദ്ധതികൾ നടപ്പാക്കാൻ ഏതെല്ലാം ഏജൻസികളുടെ സഹകരണം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ? | ഡി) നിക്ഷേപക സംഗമത്തിലൂടെ തീരുമാനിക്കപ്പെടുന്ന പദ്ധതികൾ നടപ്പാക്കാൻ വിവിധ സർക്കാർ അർദ്ധ സർക്കാർ ഏജൻസികളുടെയും നിക്ഷേപകരുടെയും സഹകരണം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ